# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1336 06.03.2018-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖ

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനുമായി സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന്, ഗുണഭോക്താവിന്റെ വരുമാനപരിധി ഉയർത്തുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ. വിശദാംശം നൽകുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താവിന്റെ വരുമാനപരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പൊതുവിഭാഗത്തിൽ 2 ലക്ഷം രൂപ വരെയും, പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപവരെയും കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ആനുകൂല്യങ്ങൾ നല്കാവുന്നതാണ്. പട്ടിക വർഗ്ഗ വിഭാഗത്തിന് ആനുകൂല്യങ്ങൾ നല്കുന്നതിന് വരുമാന പരിധി ബാധകമല്ല. |

| | | | |
|---|---|---|---|
| (സി) | സഹകരണ സംഘങ്ങൾക്കും, ക്ഷീര സംഘങ്ങൾക്കും, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിനും കൂടുതൽ സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br>ക്ഷീര സംഘങ്ങൾക്കും, മറ്റ് സഹകരണ സംഘങ്ങൾക്കും, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിനും കൂടുതൽ സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ കമ്മീഷനും, ഖാദി ഗ്രാമ വ്യവസായ ബോർഡും നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്ക് വിപണനശാലകൾ സ്ഥാപിക്കുന്നതിനും തറിയും നെയ്ത്ത് ഉപകരണങ്ങളും വാങ്ങി നല്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ